**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5183** **12-08-2021 - ൽ മറുപടിയ്ക്ക്**

**ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ കിഫ്ബി വഴി നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാല പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കിഫ്ബി വഴി നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ശ്രീകാര്യം മേൽപ്പാലം പദ്ധതിക്കായി 135.37 കോടി രൂപയും പട്ടം മേൽപ്പാലത്തിനായി 84.61 കോടി രൂപയും, ഉള്ളൂർ മേൽപ്പാലത്തിനായി 52.68 കോടി രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മേൽപ്പാലങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ നേരിടുന്ന കാലതാമസം വിശദീകരിക്കാമോ? | (ബി) | ശ്രീകാര്യം മേൽപ്പാല നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ നിർമ്മാണം ആരംഭിക്കാൻ തയ്യാറെടുത്തു വരുന്നതായും ടെൻഡർ നടപടികൾ തയ്യാറാക്കൽ, വിശദ രൂപരേഖകൾ തയ്യാറാക്കൽ തുടങ്ങിയ ജോലികൾ പുരോഗമിക്കുന്നതായും പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.ടി.എൽ അറിയിച്ചിട്ടുണ്ട്. പട്ടം , ഉള്ളൂർ മേൽപ്പാലം പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചു വരുന്നു. നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും സ്ഥലമേറ്റെടുപ്പിന്റെ മറ്റു നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ് എന്നും പദ്ധതി നിർവഹണ ഏജൻസിയായ കെ .ആർ .ടി.എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ